# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഷോളയാര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD(9)/1252/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഷോളയാര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഷോളയാര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷോളയാര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD(9)/1252/22 തീയ്യതി: 22/07/2022

## പാലക്കാട് ജില്ലയിലെ ഷോളയാര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഷോളയാര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2020 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശശിഭൂഷൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 01-06-2022 | 04-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-06-2022 | 04-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ.ടി.കെ ഓഡിറ്റ് ഓഫീസർ

ശ്രീ.ജിജേഷ് .സിനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.കന്തസ്വാമി .ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രത്തിന രാമമൂർത്തി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.അനിൽകുമാർ.ഡി | സെക്രട്ടറി | 01-04-2019 | 22-08-2019 |
| ശ്രീ.ദീപു.കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-08-2019 | 02-09-2019 |
| ശ്രീ.ജോൺ.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2019 | 20-12-2019 |
| ശ്രീ.ഷാജൻ.വി.എ | സെക്രട്ടറി | 21-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വേണു.പി | അസി.സെക്രട്ടറി | 01-04-2019 | 20-07-2019 |
| ശ്രീ.ജോൺ.ജെ | അസി.സെക്രട്ടറി | 21-07-2019 | 31-03-2020 |
| ശ്രീ.വിപിൻ ബേബി | അസി.എൻജിനിയർ | 01-04-2019 | 14-05-2019 |
| ശ്രീ.നാസിഫ് നസ്സീർ | അസി.എൻജിനിയർ | 15-05-2019 | 11-06-2019 |
| ശ്രീ.ബാബു.ബി.എം | അസി.എൻജിനിയർ | 12-06-2019 | 10-01-2020 |
| ശ്രീ.രാജേഷ്.കെ.ടി | അസി.എൻജിനിയർ | 11-01-2020 | 31-03-2020 |
| ശ്രീമതി.സെൽവി.എ | കൃഷി ഓഫീസർ | 01-04-2019 | 01-02-2020 |
| ശ്രീമതി.ദീപ | കൃഷി ഓഫീസർ | 02-02-2020 | 31-03-2020 |
| ഡോ.മരിയ ലൂക്കോസ് | വെറ്റിനറി സർജ്ജൻ | 01-04-2019 | 30-11-2019 |
| ഡോ.മുത്തു സ്വാമി | വെറ്റിനറി സർജ്ജൻ | 01-12-2019 | 13-12-2019 |
| ഡോ.രാം കുമാർ | വെറ്റിനറി സർജ്ജൻ | 14-12-2019 | 03-03-2020 |
| ഡോ.മിഥുൻ കെ.സി | വെറ്റിനറി സർജ്ജൻ | 04-03-2020 | 31-03-2022 |
| ശ്രീമതി.സൗദ.ടി | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-05-2019 |
| ശ്രീമതി.സെനി ഹെലൻ | ഹെഡ് മിസ്ട്രസ്സ് | 01-06-2019 | 31-03-2020 |
| ശ്രീ.പ്രസീദ്.എൻ | വി.ഇ.ഒ | 01-04-2019 | 05-06-2019 |
| ശ്രീ.റോണി.എം.വൈ | വി.ഇ.ഒ | 06-06-2019 | 09-01-2020 |
| ശ്രീ.വിപിൻ | വി.ഇ.ഒ | 10-01-2020 | 31-03-2020 |
| ശ്രീമതി.വിപിത.സി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2019 | 31-03-2020 |
| ഡോ.അരുൺ അൽഫോൺസ് | MO(PHC) | 01-04-2019 | 31-03-2020 |
| ഡോ.ശ്രീജ.ജെ | MO (ISM ) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: Kanthaswami.I (Auditor, On 10-06-2022) | 1-2-1 |
| 4 | വാർഷിക കണക്ക് -അപാകതകൾ<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-2-1 |
| 5 | സാമ്പത്തിക നില<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-4 |
| 7 | ഫണ്ട് വിനിയോഗം -3.41 കോടി ലാപ്സാക്കി<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-6 |
| 10 | MGNREGS അവലോകനം<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-6-1 |
| 11 | ക്ഷേമപ്പെൻഷൻ<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-7 |
| 12 | ക്യാഷ് പരിശോധന<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 1-10 |
| 15 | സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി -ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Kanthaswami.I (Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-11 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ -അപാകങ്ങൾ<br>Written By: Kanthaswami.I (Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-12 |

| | | |
|---|---|---|
| 17 | ABC പ്രൊഗ്രാം -മോണിട്ടറിങ് കാര്യക്ഷമമല്ല<br>Written By: Kanthaswami.I (Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-13 |
| 18 | ഡപ്പോസിറ്റ് വർക്ക് -വിനിയോഗ വിവരം ലഭ്യമാക്കണം<br>Written By: Jijeesh (Senior Grade Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-14 |
| 19 | SSA വിനിയോഗ വിവരം ലഭ്യമാക്കണം<br>Written By: Jijeesh (Senior Grade Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-15 |
| 20 | കോട്ടമല LP സ്കൂൾ നവീകരണം -അധിക നിരക്ക് അനുവദിച്ചു<br>Written By: T.K.Nasseer (Audit Officer, On 07-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-16 |
| 21 | ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡിതരം)വകമാറ്റി ചെലവഴിച്ചു<br>Written By: T.K.Nasseer (Audit Officer, On 07-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-17 |
| 22 | പഞ്ചായത്ത് കെട്ടിടങ്ങൾക്ക് ശുചിമുറി-ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 07-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-18 |
| 23 | ടെക്നിക്കൽ സർവ്വീസിന് തുക നൽകൽ -IT ഈടാക്കിയിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 07-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-19 |
| 24 | അസി.എൻജിനിയറുടെ പദ്ധതി അവലോകനം<br>Written By: T.K.Nasseer (Audit Officer, On 07-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-20 |
| 25 | മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 07-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-21 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Jijeesh (Senior Grade Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-22 |
| 27 | എസ് എസ് എ- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കോട്ടമല LPസ്കൂൾ കെട്ടിട നവീകരണം-അധിക നിരക്ക് അനുവദിച്ചു<br>Written By: T.K.Nasseer (Audit Officer, On 08-07-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |

| | | |
|---|---|---|
| | Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

21.3.2019 തീയതിയിലെ 1/1 നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു.ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 12787189.72 |
| പ്രതീക്ഷിത തൻവർഷം വരവ് | 214392850 |
| ആകെ വരവ് | 227180039.72 |
| പ്രതീക്ഷിത ചെലവ് | 211890850 |
| നീക്കിയിരിപ്പ് | 15289189.72 |

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 26-05-2020 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക, രജിസ്റ്ററുകൾ പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2.പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

3.വെള്ളക്കരവുമായി ബന്ധപ്പെട്ട് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ വെള്ളക്കരത്തിന്റെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്, എന്നിവയുടെ ആധികാരികത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

4.വെള്ളക്കരം പിരിവിനായി ഉപയോഗിക്കുന്ന രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രശീതി ബുക്കുകൾ വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ ചേർക്കുന്നില്ല .

### 1-2-1 വാർഷിക കണക്ക് -അപാകതകൾ

1. ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്ററിൽ തൻവർഷം ലഭിച്ച പെർമിറ്റ് ഫീയുടെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

വാർഷിക കണക്കിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അനുബന്ധ രേഖകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം : 8/27-05-2022 ന് നൽകിയ മറുപടിയിൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, റീകൺസിലിയേഷൻ രജിസ്റ്റർ എന്നിവ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കാൻ അക്കൗണ്ടന്റിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

### 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 32417818.72 |
| വരവ് | 90841555 |
| ആകെ | 123259373.72 |
| ചെലവ് | 86881592 |

| | |
|---|---|
| നീക്കിയിരിപ്പ് | 36377780.72 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 23085035 | 23085035 | 18023516 | 5061519 |
| പ്ലാൻ (SCP) | 0 | 2415588 | 2415588 | 1662000 | 753588 |
| പ്ലാൻ (TSP) | 0 | 20782765 | 20782765 | 12790971 | 7991794 |
| CFC (BASIC) | 0 | 20727110 | 20727110 | 6268417 | 14458693 |
| CFC (TIED) | 0 | 0 | 0 | 0 | 0 |
| റോഡ് (MG) | 0 | 5133000 | 5133000 | 2356638 | 2776362 |
| റോഡീതരം(MG) | 0 | 7307000 | 7307000 | 4196224 | 3110776 |

കേന്ദ്രാവിഷ്കൃതം

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃതം- TSC ശുചിത്വ മിഷൻ | | 1340000 | 489994 | 1829994 | 1119988 | 710006 |
| കേന്ദ്രാവിഷ്കൃതം- ICDS | | 2860581 | 1308746 | 4169327 | 644779 | 3524548 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (Rpപ്രകാരം)* | ബ്ലോക്ക് പഞ്ചായത്ത് | 726990 | 4199971 | 4926961 | 2970000 | 1956961 |
| | ജില്ലാ പഞ്ചായത്ത് | 4846951 | 6700799 | 11547750 | 2120000 | 9427750 |

1. ലൈഫ് ഭവനപദ്ധതിക്കായുള്ള KURDFC ലോൺ തിരിച്ചടവ് തുക,EMS ലോൺ തുക,HUDCO വായ്പ ഉൾപ്പെടെ 5298816/-രൂപ, അങ്കണവാടി വർക്കർമാർക്കുള്ള പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക 2365200/-രൂപ എന്നിവ ഉൾപ്പെടെ ആകെ 7664016/- രൂപ വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും KURDFC ലോൺ തിരിച്ചടവ് ഇനത്തിൽ 279412 രൂപ വികസനഫണ്ട് എസ്.സി.പി വിഭാഗത്തിൽ നിന്നും ,KURDFC ലോൺ തിരിച്ചടവ് ഇനത്തിൽ 338235 രൂപ വികസനഫണ്ട് ടി.എസ്.പി വിഭാഗത്തിൽ നിന്നുംസ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത് മേൽപട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.തൊഴിലുറപ്പ് പദ്ധതിക്കായുള്ള മറ്റീരിയൽ കോസ്റ്റ് 177695 തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം,ചെലവ് എന്നിവ 177695 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 177695 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

## 1-4-1 ഫണ്ട് വിനിയോഗം -3.41 കോടി ലാപ്സാക്കി

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ശതമാനം |
|---|---|---|---|---|---|---|
| പ്ലാൻ(ജനറൽ) | 0 | 23085035 | 23085035 | 18023516 | 5061519 | 78% |
| പ്ലാൻ (SCP) | 0 | 2415588 | 2415588 | 1662000 | 753588 | 69% |
| പ്ലാൻ (TSP) | 0 | 20782765 | 20782765 | 12790971 | 7991794 | 62% |
| CFC(BASIC | 0 | 20727110 | 20727110 | 6268417 | 14458693 | 30% |
| CFC (TIED) | 0 | 0 | 0 | 0 | 0 | |
| റോഡ് (MG) | 0 | 5133000 | 5133000 | 2356638 | 2776362 | 46% |
| റോഡീതരം(MG) | 0 | 7307000 | 7307000 | 4196224 | 3110776 | 57% |
| ആകെ | 0 | 79450498 | 79450498 | 45297765 | 34152733 | 57% |

തൻവർഷം ലഭ്യമാക്കിയ 7.94 കോടി സർക്കാർ ഗ്രാന്റിൽ 4.52 കോടി മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത് . 3.41 കോടി ലാപ്സായി. പൂർണ്ണതോതിലുള്ള നിർവ്വഹണത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 159230023 | 93 | 63197285 | 0 | 106 | 46% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2082 | 2786569 | 2788651 | 2784686 | 3965 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 70656222 | 70656222 | 70656222 | 0 |
| ആകെ | 2082 | 73442791 | 73444873 | 73440908 | 3965 |

## 1-6-1 MGNREGS അവലോകനം

| ക്രമ നം. | വിശദാംശം | 19-20 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4790 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4790 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 3716 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 868850000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 493 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 493 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 3 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 73442791 |
| 9 | തൻവർഷത്തെ ചെലവ് | 73440908 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 3067 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3067 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1277 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 113 |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | ഇല്ല |

2019-20 വർഷത്തിൽസാധനസാമഗ്രികൾഉൾപ്പെടുന്ന113പ്രവർത്തികൾതൊഴിലുറപ്പ്പദ്ധതി പ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്.

| പ്രവർത്തി | എണ്ണം |
|---|---|
| റോഡ് | 6 |
| കോഴിക്കൂട് | 2 |
| ആട്ടിൻകൂട് | 27 |
| തൊഴുത്ത് | 78 |
| കയർ ഭൂവസ്ത്രം | 0 |
| മറ്റുള്ളവ | 0 |
| ആകെ ചെലവ് | 177695 |

1-7 ക്ഷേമപ്പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | 0 |
| കർഷകതൊഴിലാളി പെൻഷൻ | 54000 | 51 |
| വിധവാപെൻഷൻ | 5199000 | 153 |
| വാർദ്ധക്യകാലപെൻഷൻ | 10442100 | 180 |
| വികലാംഗപെൻഷൻ | 868600 | 89 |
| അവിവാഹിതരായ 50 വയസ്സ് മുകളിലുള്ള സ്ത്രീകൾക്ക് പെൻഷൻ | 9600 | 1 |
| വിവാഹ ധനസഹായം | 60000 | 2 |

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1-6-2022 തിയ്യതിയിൽ ഉച്ചക്ക് ശേഷം 2.30ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3054/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞത് ഒഴികെയുള്ള കാര്യങ്ങളിൽ വാർഷിക കണക്കിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം.1 ആയി ചേർത്തിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ എല്ലാ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്‌വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ് പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറിയും പ്രസിഡണ്ടും ഒപ്പ് വെക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി

സാക്ഷ്യപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടിടം പൂർത്തിയാവുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്ക് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത് വസ്തു നികിതിയുടെ ചുമതല വഹിക്കുന്ന സീനിയർ ക്ലാർക്ക്, സെക്രട്ടറിക്ക് ഫോർവേർഡ് ചെയ്യുകയും സെക്രട്ടറി ഇതംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന മുറയ്ക്ക് നികുതി ഡിമാന്റ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു. 2019-20 ൽ മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. ക്യാമ്പ് കളക്ഷനും ഫീൽഡ് കളക്ഷനും നടത്തി നികുതികൾ പിരിച്ചെടുത്തിട്ടുത്തിട്ടില്ല.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യുർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗയശൂന്യമാകുന്ന വസ്തുവകകൾ കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് Software (സകർമ) ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്. ഗ്രാമസഭായോഗങ്ങളിൽ ക്വാറം തികയുന്നുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2019-20 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹ 3.41 കോടി ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.
നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതി കളുടെ നികുതിപിരിവ് കുറ്റമറ്റതാക്കി ഡിമാന്റ് രജിസ്റ്റർ കാലികമാക്കി കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-04-2021 | 12/2021 &1/22 | 23.4.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5-5-2014 മുതൽ 13-5-2014വരെ | 2009-10-2013-14 | 15-7-2014 |

1-11 സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി -ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. തൻവർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ/ ജീവനക്കാരുടെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഗവ.ഹോമിയോ ഡിസ്പെൻസറി | 2 |
| 2 | പൊതിക്കൽ കോപ്പറേറ്റീവ് മിൽക്ക് സൊസൈറ്റി | 2 |
| 3 | വില്ലേജ് ഓഫീസ്, ഷോളയൂർ | 1 & 2 |
| 4 | ഏരീസ് പോളിടെക്നിക് കോളേജ് | 2 |
| 5 | പി.എച്ച്.സി ആനക്കട്ടി- എൻ.എച്ച്.എം സ്റ്റാഫ് | 1 |
| 6 | കോപ്പറേറ്റീവ് ബാങ്ക്, കോട്ടത്തറ | 1 & 2 |
| 7 | കോപ്പറേറ്റീവ് മിൽക്ക് സൊസൈറ്റി, ഷോളയൂർ | 1 |
| 8 | ഭവാനി റ്റീ പ്രോഡക്ട്സ് | 1 & 2 |

കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ് മെന്റ് വാങ്ങിയതായോ തൊഴിൽ നികുതി അടച്ചതായോ കാണുന്നില്ല. ഇവർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

വിവിധ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ക്ഷീരോൽപാദന സഹകരണ സംഘം- ഷോളയൂർ | 1 & 2 |
| 2 | ക്ഷീരോൽപാദന സഹകരണ സംഘം- പെട്ടിക്കൽ | 1 & 2 |

| | | |
|---|---|---|
| 3 | ക്ഷീരോൽപാദന സഹകരണ സംഘം- കോട്ടത്തറ | 1 & 2 |
| 4 | മാവേലി സ്റ്റോർ, ആനക്കട്ടി | 1 & 2 |
| 5 | കോപ്പറേറ്റീവ് ബാങ്ക്, കോട്ടത്തറ | 1 & 2 |
| 6 | ഭവാനി റ്റീ പ്രോഡക്ട്സ് | 1 &2 |

സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിലുടമകളോട് ജീവനക്കാരുടെ പേരു വിവരവും, വരുമാനവും സംബന്ധിച്ച് അർദ്ധവാർഷിക തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭ്യമാക്കുന്ന റിട്ടേണുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:9/19-20/2.6.22 ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ -അപാകങ്ങൾ

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 5 ൽ ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഏതാനും സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകൻ | സ്ഥാപനം |
|---|---|---|---|
| 1 | 152 | അബൂബക്കർ കോരത്ത് | മലബാർ ഹോട്ടൽ |
| 2 | 128 | ഷിബു.എം | ജയാ ഐസ്ക്രീം - നിർമ്മാണവും വിൽപനയും |
| 3 | 125 | രാമൻകുട്ടി | വിഷ്ണു ഹോട്ടൽ |
| 4 | 124 | സാബു | ഹോട്ടൽ പൊന്നൂസ് |
| 5 | 71 | അലവി | എൻ.എം.ബേക്കറി |

2. ഇറച്ചിക്കടകൾക്ക് ലൈസൻസ് അനുവദിക്കൽ- സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

2019-20 വർഷം ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന ലൈസൻസികൾക്ക് ഇറച്ചിക്കടകൾ നടത്തുവാൻ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ലൈസൻസിയുടെ പേര് | ലൈസൻസ് നം. |
|---|---|---|
| 1 | പ്രദീപ്.എ.എസ്, ബിസ്മി ഹലാൽ ചിക്കൻ സ്റ്റാൾ | 61 |

| | | |
|---|---|---|
| 2 | പഴനിയമ്മ നടരാജ് ചിക്കൻ സ്റ്റാൾ | 43 |

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009 , സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012 ) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്.

കൂടാതെ ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി , ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

3. ചട്ടപ്രകാരമുള്ള നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

31.10.2017 ലെ ജി.ഒ(പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് ചട്ടം 10 ലെ പട്ടിക രണ്ട് ഭേദഗതി ചെയ്ത് മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത് എന്നാക്കിയിട്ടുണ്ട്. ലൈസൻസ് ഫീസിനത്തിൽ ചുമത്താവുന്ന ഉയർന്ന ഫീസ്/ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടത് താഴെ പറയുന്ന നിരക്കിലാണ്.

1.സൂക്ഷ്മസംരംഭങ്ങൾ (Micro Enterprises) (മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചുലക്ഷം രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽ കവിയാത്തതും) 500/-ക.

2.ലഘു സംരംഭങ്ങൾ (Mini Enterprises) (മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽകവിയുന്നതും ഒരു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽകവിയുന്നതും അമ്പതു ലക്ഷം രൂപയിൽ കവിയാത്തതും) 1000/-ക.

3.ചെറു സംരംഭങ്ങൾ (Small Enterprises) (മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഒരു കോടി രൂപയിൽകവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ അമ്പതു ലക്ഷം രൂപയിൽകവിയുന്നതും രണ്ടു കോടി രൂപയിൽകവിയാത്തതും) 5000/-ക.

4.ഇടത്തരംസംരംഭങ്ങൾ (Medium Enterprises) (മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ അഞ്ചു കോടിരൂപയിൽ കവിയുന്നതും പത്തു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ രണ്ടു കോടിരൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽകവിയാത്തതും) 10000/-ക.

5.വലിയ സംരംഭങ്ങൾ (Large Enterprises) (മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ പത്തു കോടി രൂപയിൽകവിയുന്നതുംസേവന മേഖലയിൽ അഞ്ചു കോടിരൂപയിൽ കവിയുന്നതും 15000/-ക.

ഓഡിറ്റ് നിർദേശങ്ങൾ

1. ലൈസൻസിനുള്ള അപേക്ഷകളിൽ മൂലധനം രേഖപ്പെടുത്തേണ്ടതും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരം ഈടാക്കേണ്ട നിരക്കിൽ ഫീസ് ഈടാക്കേണ്ടതുമാണ്.

2. ഉറവിടമാലിന്യസംസ്കരണത്തിനുള്ള സജ്ജീകരണങ്ങൾ പരിശോധിച്ച് വിലയിരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം:8/19-20/2.6.22 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 ABC പ്രൊഗ്രാം -മോണിട്ടറിങ് കാര്യക്ഷമമല്ല

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 28/20-21 ABCപ്രൊഗ്രാം | അടങ്കൽ/ഫണ്ടിനം | 350000 (PLAN ) |
| ചെലവ് | 350000 | ബിൽ നം/ചെക്ക് നം | 7/19-20 /21.1.20 |
| നിർവ്വഹണം | വെറ്റിനറിസർജ്ജൻ | | |

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധയും ജന്തുജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിനുമാണ് എ.ബി.സി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഡെപ്യൂട്ടിഡയറക്ടർ(മൃഗസംരക്ഷണം) ആണ് പദ്ധതിയുടെ ജില്ലാതല നിർവ്വഹണോദ്യോഗസ്ഥൻ. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാപഞ്ചായത്ത് ചെലവ് കണക്കാക്കിയിരിക്കുന്നത്. പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ടെങ്കിലും പൂർത്തീകരണ വിവരമോ പദ്ധതിയുടെ പുരോഗതി റിപ്പോർട്ടോ ലഭ്യമല്ല. ജില്ലാപഞ്ചായത്തിൽ നിന്നും പദ്ധതി നടത്തിപ്പിന്റെ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.എൻക്വയറി നം :10/19-20/2.6.22.

## 1-14 ഡപ്പോസിറ്റ് വർക്ക് -വിനിയോഗ വിവരം ലഭ്യമാക്കണം

വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ നീട്ടലും അനുബന്ധ പ്രവർത്തനങ്ങളും കെ എസ് ഇ ബി എസ്റ്റിമേറ്റ് പ്രകാരം നടപ്പാക്കുന്നതിനായി ഏറ്റെടുത്തിട്ടുള്ള താഴെ പറയുന്ന പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | പ്രൊജക്റ്റ് നം, പേര് | ബിൽ നം. | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 125/20 ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 1, 14-6-19 (20,00,000) | 7,51,058 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | കെ എസ് ഇ ബി, അഗളി |
| | | | 12,48,942 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | കെ എസ് ഇ ബി, കോട്ടത്തറ |

എൻക്വയറി നം:6/19-20/2.6.22

## 1-15 SSA വിനിയോഗ വിവരം ലഭ്യമാക്കണം

| | |
|---|---|
| പ്രൊജക്റ്റ് നം | 12/20 |
| പ്രൊജക്റ്റിന്റെ പേര് | എസ്. എസ് .എ വിഹിതം നൽകൽ |
| അടങ്കൽ | 6,00,000(പൊതുവിഭാഗം) |
| ചെലവ് | 6,00,000 |
| ബിൽ നം, തീയതി | 3/19-20/5-8-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ എഡ്യൂക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ

ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education: Merging The Centrally Sponsored Schemes Of SSA, RMSA &TE കളുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 13-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ തീയതി 25.1.18 ഖണ്ഡിക 5.2(2) ലെ നിർദ്ദേശാനുസരണം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എസ് എസ് എ പദ്ധതിക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വ ശിക്ഷ അഭയാൻ പാലക്കാട് ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് 1-8-19 ന് 6,00,000/- കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.എൻക്വയറി നം:6/19-20/2.6.22.

## 1-16 കോട്ടമല LP സ്കൂൾ നവീകരണം -അധിക നിരക്ക് അനുവദിച്ചു

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 171/20-കോട്ടമല LPസ്കൂൾ കെട്ടിട നവീകരണം | അടങ്കൽ/ഫണ്ടിനം | 1193000 (MGNR) |
| ചെലവ് | 1083637 | ബിൽ നം | 16/ 19-20/30.9.19 |
| നിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 12/19-20 |
| എഗ്രിമെൻറ് | 01/19-20/AE/SLR /19-20/3.6.19 | കോൺട്രാക്ടർ | നാഗരാജൻ .എൻ |

മേൽ പ്രവർത്തിയിൽ എറ്റം നം. (14) പ്രകാരം (Ietem Code 12.50 ) 0.50mm ഗാൽവനൈസ്ഡ് അയേൺ പ്രൊഫൈൽ ഷീറ്റ് വർക്ക് 167sqm ചെയ്യുന്നതിന്ന് കോൺട്രാക്ടർ ക്വോട്ട് ചെയ്ത നിരക്ക് 650/sqm (108550 രൂപ) ആണ് .പ്രവർത്തിയുടെ എംബുക്ക് പരിശോധിച്ചതിൽ ആയത് ഒഴിവാക്കി (Od ) Extra Ietem ആയി 0.40mm ഗാൽവനൈസ്ഡ് അയേൺ ട്രാഫോഡ് ഷീറ്റ് വർക്കിന് 174.89 Sqm ചെയ്തതിന്ന് @670.66/sqm നിരക്കിൽ 117291.73 രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ അംഗീകരിച്ച ഐറ്റം നിരക്ക് ഒഴിവാക്കി അധിക നിരക്കിൽ “Od” (Obscerved Data) തയ്യാറാക്കിയതിന്റെ ആവശ്യകത വിശദീകരിക്കപ്പെട്ടിട്ടില്ല.

കോൺട്രാക്ടർ അംഗീകരിച്ച നിരക്ക് പ്രകാരം കണക്കാക്കി അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ് വിശദവിവരം ചുവടെ ചേർക്കുന്നു

അനുവദനീയം 174.89sqm X650 = 113678/-

അനുവദിച്ചത് 174.89sqm X670.66 = 117291/-

അധികം = 3613/-

മേൽ പ്രവർത്തിയിൽ പൊളിച്ച് മാറ്റിയ ഉരുപ്പടികൾ (18.10.2019 ലെ സർവ്വേ റിപ്പോർട്ട് ) ലേല നടപടികളുടെ തുടർ വിവരം ലഭ്യമാക്കിയിട്ടില്ല . ഓഡിറ്റ് എൻക്വയറി നം 2/19-20/2.6.22 ന്ന് മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-17 ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡീതരം)വകമാറ്റി ച്ചെലവഴിച്ചു

(1)

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 130/20-കുടിവെള്ള പദ്ധതികളുടെ വാർഷിക അറ്റകുറ്റപ്പണി | അടങ്കൽ/ ഫണ്ടിനം | 307445 (MG-NR) |
| ചെലവ് | 307445 | ബിൽ നം | 15/19-20 /11.7.19 |
| നിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 54/19-20 |

മേൽ പ്രകാരമുള്ള അസി.എൻജിനിയർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ MGNR ഫണ്ട് ഉപയോഗിച്ചാണ് പ്രവർത്തി നടത്തിയിട്ടുള്ളത്.

ആസ്തി സംരക്ഷണ ഗ്രാന്റ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മുൻഗണന നൽകി റോഡിതര മെയ്റ്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണെന്ന പദ്ധതി

മാർഗ്ഗരേഖയിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്. തനത് ആസ്തിക്കായി എം.ജി (നോൺ റോഡ്) ഫണ്ട് ഉപയോഗിച്ചതിനുള്ള സാഹചര്യം വ്യക്തമാക്കിയിട്ടില്ല.സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണം നിലവിലുണ്ടായിരിക്കെ ഫണ്ട് വകമാറ്റിയത് ക്രമപ്രകാരമല്ല.സർക്കാർ മാർഗ്ഗ നിർദ്ധേശങ്ങൾക്കനുസരിച്ച് ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.എൻക്വയറി നം:5/19-20/2.6.22 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-18 പഞ്ചായത്ത് കെട്ടിടങ്ങൾക്ക് ശുചിമുറി-ലക്ഷ്യം കൈവരിച്ചിട്ടില്ല

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം: പേര് | 175/20-പഞ്ചായത്ത് കെട്ടിടങ്ങൾക്ക് ശുചിമുറി നിർമ്മാണം | അടങ്കൽ/ഫണ്ടിനം | 1200000 (കേന്ദ്രാവിഷ്കൃതം) |
| ചെലവ് | 489994/- | ചെക്ക് നം | A/C-31843405555-SBI 20.12.2019 NEFT-RTGS |
| നിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 2/19-20 |
| എഗ്രിമെൻറ് | 2/19-20/AE/SLR //27.6.19 | കോൺട്രാക്ടർ | കനകരാജ് (1163335) |

പാർട്ട് ബിൽ അനുവദിച്ച കോൺട്രാക്ടർ നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല (പൂർത്തീകരണ കാലാവധി TS പ്രകാരം 6 മാസം) പദ്ധതി പൂർത്തീകരിച്ചാൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് ഫൈൻ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 ടെക്നിക്കൽ സർവ്വീസിന് തുക നൽകൽ -IT ഈടാക്കിയിട്ടില്ല

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം: പേര് | 198/20-ബസ്റ്റാൻറ് നവീകരണം | അടങ്കൽ/ഫണ്ടിനം | 5000000 (PLAN ) |
| ചെലവ് | 2330000/- | ബിൽ നം | 13/19-20 /11.7.19-233000/- |
| നിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 65/18-19 ,165/18-19 |
| എഗ്രിമെൻറ് | 47/18-19/AE/SLR /22.12.18 | കോൺട്രാക്ടർ | STRUCTURE INDIA LTD,PALAKKAD |

മേൽ പ്രവർത്തിയുടെ സ്ട്രക്ച്ചർ ഡിസൈനിങ് ,എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന്ന് STRUCTURE INDIA LTD, PALAKKD എന്ന സ്ഥാപനത്തിന് തുക (ടെക്നിക്കൽ ചാർജ്ജ് )നൽകിയപ്പോൾ ആദായ നികുതി വകുപ്പ് 194 J -പ്രകാരം 10% ആദായ നികുതി ഈടാക്കി അടവാക്കേണ്ടിയിരുന്നു. ആയത് ചെയ്യാത്തതിനാൽ ആദായ നികുതി വകുപ്പിന് നഷ്ടം 23300/-രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം:12/19-20/3.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-20 അസി.എൻജിനിയറുടെ പദ്ധതി അവലോകനം

തൻ വർഷം അസി.എൻജിനീയർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകളുടെ അവലോകനം ചുവടെ ചേർക്കുന്നു.

| ആകെ പ്രൊജക്റ്റ് | നിർവ്വഹണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 113 | 35 | 54828736 | 11628269 | 21 % |

തൻവർഷത്തിൽ അംഗീകാരം ലഭ്യമായ 113 പ്രൊജക്റ്റിൽ(37 സ്പിൽ ഓവർ ഉൾപ്പടെ ) 35 എണ്ണം മാത്രം നിർവ്വഹണം നടത്തി. ആകെ 5.48 കോടി അടങ്കലിൽ 1.16 കോടി മാത്രം (21% ) നിർവ്വഹണം നടത്തി.

ഇത് മൂലം ആസ്തി സംരക്ഷണ ഗ്രാൻറ് ഉൾപ്പെടെ വലിയ തുക ലാപ്സാവാൻ ഇടയായിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണം

1.ബന്ധപ്പെട്ട മോണിട്ടറിങ് സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

2. പ്രൊജക്ടുകളുടെ പ്രവർത്തന കലണ്ടർ പ്രകാരം പദ്ധതി നിർവ്വഹണം നടത്തുന്നില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4.ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

5.പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ മോണിട്ടറിങ് കാര്യക്ഷമമല്ല.(ഉദാ-പഞ്ചായത്ത് ബസ്സ് സ്റ്റാന്റ് നിർമ്മാണം )

6.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

7.റോഡ് പ്രവർത്തിയിൽ ചെയ്നേജ് രേഖപ്പെടുത്തുന്നില്ല.

8.ടെൻണ്ടർ നടപടികളിൽ സെലക്ഷൻ നോട്ടീസ്, പൂർത്തീകരണ കാലാവധി, സപ്ലിമെന്റൽ എഗ്രിമെന്റ് എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

1-21 മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല

തദ്ദേശ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, കരാറുകാരനുമായുള്ള എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി എന്നും ബോധ്യപ്പെട്ടു. ഈ പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്.എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തിയിൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.ഇതു സംബന്ധിച്ച തുടർ നടപടി വിവരങ്ങൾ അപൂർണ്ണമാണ് (കോൺട്രാക്ടറുടെ അപേക്ഷ,നിർവ്വഹണോദ്യോഗസ്ഥന്റ ശുപാർശ,പഞ്ചായത്ത് തീരുമാനം,ഫൈൻ ഈടാക്കിയ വിവരം എന്നിവ)

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ | ഫൈൻ സംബന്ധിച്ച് | | |
|---|---|---|---|
| | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| 1)പ്രവർത്തി:170/20-വയലൂർ അംഗനവാടി ചുറ്റമതിൽ അടങ്കൽ : (300000 -MGNR ) | 6894 | 0 | 6894 |

| | | | |
|---|---|---|---|
| ചെലവ് : 299805/-<br>ബിൽ നം: 27/19-20/7.12.19 എം ബുക്ക് :58/18-19<br>എഗ്രിമെൻറ് :35/AE/TNK/18-19/22.10.18 (PAC-299805)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 22.2.2019 (4 മാസം As Per TS )<br>പൂർത്തീകരിച്ച തീയ്യതി :19.9.2019 (അവസാന ചെക്ക് മെഷർ)<br>22.2.2019 ന് ശേഷം സപ്ലിമെൻ്റൽ എഗ്രിമെൻ്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ-<br>ശ്രീ.ഗിരിദാസ്.കെ.ഡി | | | |
| 2)പ്രവർത്തി:166/20-കാവൻമേട് അംഗനവാടി പുനരുദ്ധാരണം<br>അടങ്കൽ : 135000 -MGNR<br>ചെലവ് : 134482/-<br>ബിൽ നം: 29/19-20/7.12.19 എം ബുക്ക് :53/18-19<br>എഗ്രിമെൻറ് :45/AE/TNK/18-19/18.12.18 (PAC-135000)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 18.4.2019 (4 മാസം As Per TS )<br>പൂർത്തീകരിച്ച തീയ്യതി :29.8.2019 (അവസാന ചെക്ക് മെഷർ)<br>18.4.2019 ന് ശേഷം സപ്ലിമെൻ്റൽ എഗ്രിമെൻ്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ-ശ്രീ.ഉദയകുമാർ | 4050 | 0 | 4050 |
| ആകെ | | | 10944 |

പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 10944/-രൂപ ഉത്തരവാദിയായ കോൺട്രാക്ടർമാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കണം. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം :4/19-20/2.6.22)മറുപടി ലഭ്യമാക്കിയിട്ടില്ല.

1-22 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഷോളയൂർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ നീട്ടലും അനുബന്ധ പ്രവർത്തനങ്ങളും കെ എസ് ഇ ബി എസ്റ്റിമേറ്റ് പ്രകാരം നടപ്പാക്കുന്നതിനായി ഏറ്റെടുത്തിട്ടുള്ള താഴെ പറയുന്ന പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് നം, പേര് | ബിൽ നം | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 125/20<br>ഗ്രാമ പഞ്ചായത്തിൻ്റെ വിവിധ ഭാഗങ്ങളിലേക്ക് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 1, 14-6-19<br>(20,00,000) | 7,51,058<br>(ധനകാര്യ കമ്മീഷൻ ഗ്രാൻ്റ്) | കെ എസ് ഇ ബി, അഗളി |
| | | | 12,48,942<br>(ധനകാര്യ കമ്മീഷൻ ഗ്രാൻ്റ്) | കെ എസ് ഇ ബി, കോട്ടത്തറ |

വിനിയോഗ വിവരങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം-7, 2-6-22).

1-23 എസ് എസ് എ- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നം | 12/20 |
| പ്രൊജക്റ്റിൻ്റെ പേര് | എസ് എസ് എ വിഹിതം നൽകൽ |
| അടങ്കൽ | 6,00,000(പൊതുവിഭാഗം) |
| ചെലവ് | 6,00,000 |
| ബിൽ നം, തീയതി | 3(5-8-19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ എഡ്യുക്കേഷൻ ആൻ്റ് ലിറ്ററസി വകുപ്പിൻ്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education: Merging The Centrally Sponsored Schemes Of SSA, RMSA &TE കളുടെ ചെലവിൻ്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 13-ാം പദ്ധതി മാർഗ്ഗരേഖ

സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ തീയത 25.1.18 ഖണ്ഡിക 5.2(2) ലെ നിർദ്ദേശാനുസരണം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എസ് എസ് എ പദ്ധതിക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വ ശിക്ഷ അഭയാൻ പാലക്കാട് ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് 1-8-19 ന് 6,00,000/- കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം-6, 2-6-22).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോട്ടമല LPസ്കൂൾ കെട്ടിട നവീകരണം-അധിക നിരക്ക് അനുവദിച്ചു

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം: പേര് | 171/20-കോട്ടമല LPസ്കൂൾ കെട്ടിട നവീകരണം | അടങ്കൽ/ഫണ്ടിനം | 1193000 (MGNR) |
| ചെലവ് | 1083637 | ബിൽ നം | 16/ 19-20/30.9.19 |
| നിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 12/19-20 |
| എഗ്രിമെൻറ് | 01/19-20/AE/SLR /19-20/3.6.19 | കോൺട്രാക്റ്റർ | നാഗരാജൻ .എൻ |

മേൽ പ്രവർത്തിയിൽ എറ്റം നം. (14) പ്രകാരം (Ietem Code 12.50 ) 0.50mm ഗാൽവനൈസ്ഡ് അയേൺ പ്രൊഫൈൽ ഷീറ്റ് വർക്ക് 167sqm ചെയ്യുന്നതിന്ന് കോൺട്രാക്ടർ ക്വോട്ട് ചെയ്ത നിരക്ക് 650/sqm (108550 രൂപ) ആണ് .പ്രവർത്തിയുടെ എംബുക്ക് പരിശോധിച്ചതിൽ ആയത് ഒഴിവാക്കി (Od ) Extra Ietem ആയി 0.40mm ഗാൽവനൈസ്ഡ് അയേൺ ട്രാഫോഡ് ഷീറ്റ് വർക്കിന് 174.89 Sqm ചെയ്തതിന്ന് @670.66/sqm നിരക്കിൽ 117291.73 രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ അംഗീകരിച്ച ഐറ്റം നിരക്ക് ഒഴിവാക്കി അധിക നിരക്കിൽ “Od” (Observed Data) തയ്യാറാക്കിയതിന്റ ആവശ്യകത വിശദീകരിക്കപ്പെട്ടിട്ടില്ല.

കോൺട്രാക്ടർ അംഗീകരിച്ച നിരക്ക് പ്രകാരം കണക്കക്കി അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ് വിശദവിവരം ചുവടെ ചേർക്കുന്നു

അനുവദനീയം 174.89sqm X650 =113678/-

അനുവദിച്ചത് 174.89sqm X670.66 =117291/-

അധികം =3613/-

മേൽ പ്രവർത്തിയിൽ പൊളിച്ച് മാറ്റിയ ഉരുപ്പടികൾ (18.10.2019 ലെ സർവ്വേ റിപ്പോർട്ട് ) ലേല നടപടികളുടെ തുടർ വിവരം ലഭ്യമാക്കിയിട്ടില്ല . ഓഡിറ്റ് എൻക്വയറി നം 2/19-20/2.6.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2019-2020 | 1.6.2022 - 4.6.2022 | അനുബന്ധം 1ആയി ചേർത്തിട്ടുണ്ട് |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 250000 | 31/21- ഭിന്നശേഷി സ്കോളർഷിപ്പ് | 250000 | 0 |
| | 20-21 | 250000 | 25/21- പാലിയേറ്റീവ് കെയർ | 124526 | 125474 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 240000 | 182/21- ലൈഫ് (TSP) | 240000 | 0 |
| | 2019-20 | 1690000 | 184/21- ലൈഫ് (SCP) | 1690000 | 0 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭ്യമായ 2970000/-രൂപ നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകിയ തുകയാണ്. ലഡ്ജർ പ്രകാരം നീക്കിയിരിപ്പ് 1956961/-രൂപയുടെ വിശദ വിവരം രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ലഭ്യമായിട്ടില്ല.

ലഡ്ജർ പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതമായി 9427750/-രൂപയുടെ വിശദ വിവരം രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ലഭ്യമായിട്ടില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രൊജക്റ്റ് നം, പേര് | ബിൽ നം. | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 125/20 ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 1, 14-6-19 (20,00,000) | 7,51,058 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | കെ എസ് ഇ ബി, അഗളി |
| | | | 12,48,942 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | കെ എസ് ഇ ബി, കോട്ടത്തറ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻ വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS | 21/10-11, LSGD, Dt. 15-11-2010 | 31042500 | 8808572 | 2279412 | - | 6529160 |
| EMS | 21/10-11, LSGD, Dt. 15-11-2010 | 31042500 | 6029160 | 3000000 | - | 3029160 |

*തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല.
*കെ.യു.ആർ.ഡി.എഫ്.സി.ലോൺ വിവരം ലഭ്യമാക്കിയിട്ടില്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16827/-രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 123259373.72 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 86881593 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 3613 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3613 | ശ്രീ.ബാബു ബി.എം, അസി.എൻജിനിയർ |
| ആകെ | | 3613 | |

(ബി2). ഭാഗം 1 ൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-21 | | 10944 | ശ്രീ.ബാബു.ബി.എം, അസി.എൻജിനിയർ |
| ആകെ | | 10944 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക-1(19) -23300/- ശ്രീ.ബാബു .ബി.എം ,അസി.എൻജിനിയർ (IT)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.ബാബു.ബി.എം , അസി.എൻജിനിയർ | എംപ്ലോയ്മെന്റ് നിയമനം | ശ്രീകൃഷ്ണനിവാസ്, വടകോട്ടത്തറ കോട്ടത്തറ ആനക്കട്ടി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽഎഫ്.പി(13)/1768/08/13.5.10 | മുഴവൻ | |
| 1996-97 | എൽ.എഫ്.പി13/1769/08/13.5.10 | മുഴവൻ | |
| 1997-98 | എൽ.എഫ്.പി13/1770/08/13.5.10 | മുഴവൻ | |
| 1998-99 | എൽ.എഫ്.പി13/1771/08/13.5.10 | മുഴവൻ | |
| 1999-00 | എൽ.എഫ്.പി13/1772/08/13.5.10 | മുഴവൻ | |
| 2000-01 | എൽ.എഫ്.പി13/1773/08/13.5.10 | മുഴവൻ | |
| 2001-02 | എൽ.എഫ്.പി13/1774/08/13.5.10 | മുഴവൻ | |
| 2002-03 | എൽ.എഫ്.പി22/948/14 /18.11.14 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി22/949/14 /18.11.14 | മുഴവൻ | -ടി- |
| 2004-05 | എൽ.എഫ്.പി22/950/14 /17.11.14 | മുഴവൻ | -ടി- |
| 2005-06 | എൽ.എഫ്.പി22/2014/ 7.11.14 | മുഴവൻ | -ടി- |
| 2006-07 | എൽ.എഫ്.പി22/952/14 /17.11.14 | മുഴവൻ | -ടി- |
| 2007-08 | എൽ.എഫ്.പി22/953/14 /7.8.14 | മുഴവൻ | -ടി- |
| 2008-09 | എൽ.എഫ്.പി22/954/14 /7.8.14 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2009-10, 2010-11 | എൽ.എഫ്.പി22/955/14 /15.12.14 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി22/1084/15 /14.7.15 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2012-13 | നം.എൽ.എഫ്.പി22/639 /2015/11-8-15 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2013-14 & 2014-15 | നം.കെ.എസ്.എ.പി.കെ.ഡി22/1430 /16/9-8-16 | മുഴവൻ | |
| 2015-16 | കെ. എസ്.എ.പി.കെ.ഡി-24/226 /2017/28-1-2017 | മുഴവൻ | ഓഡിറ്റ് റിപ്പോർട്ട് |

| | | | |
|---|---|---|---|
| 2016-17 | കെ. എസ്.എ.പി.കെ.ഡി-24/1983/2017 തീയ്യതി. 13-10-2017 | മുഴവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | കെ. എസ്.എ.പി.കെ.ഡി-24/886/2019 തീയ്യതി. 22-8-2019 | -20- | ഓഡിറ്റ് റിപ്പോർട്ട് |
| 2018-19 | കെ.എസ്.എ.പി.കെ.ഡി-9/ 112/21 16-4-2021 | 20 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിലെ ഖണ്ഡികകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ഷോളയാര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ഷോളയാര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക കണക്ക് സംക്ഷിപ്തം

(1)

| | | | |
|---|---|---|---|
| | Sholayur Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -1405019.28 |
| 312000000 | Reserves | B-3 | 78806900.00 |
| | Total Reserve & Surplus | | 77401880.72 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 25685253.00 |
| | Total Grants, Contributions for Specific Purposes | | 25685253.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 20502133.00 |
| | Total Loans | | 20502133.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1211153.00 |
| 350000000 | Other Liabilities | B-9 | 2005303.00 |
| | Total Current Liabilities and Provisions | | 3216456.00 |
| | TOTAL LIABILITIES | | 126805722.72 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 91608637.00 |
| 411000000 | Accumulated Depreciation | B-11 | -26665368.00 |
| 412000000 | Capital Work in Progress | B-11(a) | 849535.00 |
| | Total Fixed Assets | | 65792804.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3368756.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -54305.00 |
| 440000000 | Pre-paid Expenses | B-16 | 20502133.00 |
| 450000000 | Cash and Bank Balance | B-17 | 36377780.72 |
| 460000000 | Loans, Advances and Deposits | B-18 | 818554.00 |
| | Total Current Assets, Loans and Advances | | -54305.00 |
| | Total Current Assets, Loans and Advances | | 61067223.72 |

ഡെപ്യൂട്ടി ഡയറക്ടർ

(2)

| | | | |
|---|---|---|---|
| | Sholayur Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3118431.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 67180.00 |
| 140000000 | Fee & User Charges | I-4(b) | 1794541.00 |
| 150000000 | Sale & Hire Charges | I-5(b) | 230900.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 153101467.00 |
| 171000000 | Interest Earned | I-8 | 363831.00 |
| 180000000 | Other Income | I-9 | 26945.00 |
| | Total Income | | 158703295.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9332034.00 |
| 220000000 | Administrative Expenses | I-11(b) | 1702874.00 |
| 230000000 | Operations & Maintenance | I-12(b) | 1882503.00 |
| 240000000 | Interest & Finance Charges | I-13 | 3237.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I-14 | 6259420.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 117460758.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1635429.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(c) | 2139396.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br>Schemes (not included under Decentralized Plan Programme) | I-14(d) | 16573300.00 |
| 255000000 | Maintenance Projects | I-14(e) | 5254424.00 |
| 272000000 | Depreciation | I-17(a) | 4824962.00 |
| | Total Expenditure | | 167068337.00 |
| | Gross Surplus/ Deficit of income over Expenditure | | -8365042.00 |
| 280000000 | Prior Period Item | I-18 | 842707.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -9207749.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

(3)

| | Sholayur Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
|---|---|---|---|
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 32381254.72 |
| Cash | Cash | RP-40(a) | 36564.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1135658.00 |
| 130000000 | Rental income from Panchayat Properties | RP-3 | 56500.00 |
| 140000000 | Fees & User Charges | RP-4 | 1650541.00 |
| 150000000 | Sale & Hire Charges | RP-5 | 230900.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53872802.00 |
| 171000000 | Interest Earned | RP-9 | 363831.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18816834.00 |
| 350000000 | Other Liabilities | RP-36 | 169924.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 26945.00 |
| 330000000 | Secured Loans | RP-32 | 9270000.00 |
| 340000000 | Deposits Received | RP-34 | 239760.00 |
| 350000000 | Other Liabilities | RP-36 | 742633.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3177619.00 |
| 460000000 | Loans, Advances and Deposits | RP-47 | 1087608.00 |
| | Grand total | | 123259373.72 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4364066.00 |
| 220000000 | Administrative Expenses | RP-12 | 1702874.00 |
| 230000000 | Operations & Maintenance | RP-13 | 1882503.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6259420.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 38537376.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1635429.00 |
| 253000000 | Decentralised Plan Programme- Projects not included in<br>Sector Division | RP-18 | 2139396.00 |

ഡെപ്യൂട്ടി ഡയറക്ടർ